**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 171** **12-02-2024 - ൽ മറുപടിയ്ക്ക്**

**തൊഴിലരങ്ങത്തേക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീമതി സി. കെ. ആശ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം സാധ്യമാക്കുന്നതിന്റെ ഭാഗമായി നോളജ് ഇക്കോണമി മിഷന്റെ നേതൃത്വത്തിൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണവും തൊഴിൽ ശാക്തീകരണവും ലക്ഷ്യമിട്ട് കേരള നോളെജ് ഇക്കോണമി മിഷൻ നടപ്പിലാക്കുന്ന പദ്ധതിയാണ് 'തൊഴിലരങ്ങത്തേക്ക്'.<br><br>വിവിധകാരണങ്ങളാൽ തൊഴിലിൽ നിന്നും വിട്ടുനിൽക്കേണ്ടിവന്ന വനിതകൾക്ക് തിരികെ തൊഴിലിലേക്ക് പ്രവേശിക്കുന്നതിനായി നൈപുണ്യ പരിശീലന സഹായവും, വിവരസാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലോ, ഫ്രീലാൻസ് തൊഴിലുകളിലോ പ്രവേശിക്കുന്നതിന് അവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള "വുമൺ ഇൻക്ലൂസീവ് ഇൻ ടെക്നോളജി" പദ്ധതിയും കേരള നോളജ് ഇക്കോണമി മിഷന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു. |
| (ബി) | സംസ്ഥാനത്ത് നിന്നുള്ള വനിതകൾ ഉൾപ്പെടെയുള്ള പ്രൊഫഷണലുകൾക്ക് ആഗോളതലത്തിൽ സ്വീകാര്യത ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. കേരള നോളെജ് ഇക്കോണമി മിഷൻ പദ്ധതിയുടെ ഭാഗമായി, നോർക്കയും UK യിലെ നാഷണൽ ഹെൽത്ത് സർവീസ് (NHS)- സും ചേർന്ന് നഴ്സസ് റിക്രൂട്ട്മെന്റ് പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടത്തി വരുന്നുണ്ട്. ആഗോളതലത്തിൽ ലഭിച്ച സ്വീകാര്യതയുടെ അടിസ്ഥാനത്തിൽ, അടുത്ത ഒരു വർഷത്തിനുള്ളിൽ ആരോഗ്യരംഗത്തുനിന്നുള്ള 1000 പ്രൊഫഷണലുകളെ വിദേശ രാജ്യങ്ങളിലെ തൊഴിൽ മേഖലയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ "പ്രൊജക്റ്റ് 1000" എന്ന പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| (സി) | ഇത്തരത്തിലുള്ള ആഗോള സ്വീകാര്യത പ്രയോജനപ്പെടുത്തുന്നതിന് കേരള നോളജ് ഇക്കോണമി മിഷന്റെ നേതൃത്വത്തിൽ | (സി) | ഉണ്ട്. സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണവും തൊഴിൽ ശാക്തീകരണവും ലക്ഷ്യമിട്ട് കേരള നോളെജ് ഇക്കോണമി മിഷൻ നടപ്പിലാക്കുന്ന പദ്ധതിയാണ് 'തൊഴിലരങ്ങത്തേക്ക്'. |

| | | | |
|---|---|---|---|
| | തൊഴിലരങ്ങത്തേക്ക് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | അഭ്യസ്തവിദ്യരായ സ്ത്രീ തൊഴിലന്വേഷകരെ കണ്ടെത്തി ആവശ്യമായ പിന്തുണ ഉറപ്പുവരുത്തി അവരെ തൊഴിലിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നത്. നിലവിൽ 9,14,937 സ്ത്രീകൾ പദ്ധതിയുടെ ഭാഗമായി ഡി.ഡബ്ല്യൂ.എം. എസ് (DWMS)- ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപന തലത്തിൽ രൂപീകരിച്ച നോളജ് ജോബ് യൂണിറ്റുകൾ വഴി പദ്ധതിയുടെ ഏകോപനം നടത്തുന്നു. നിലവിൽ അൻപതിനായിരത്തിലധികം തൊഴിലന്വേഷകർ ഇതിൽ അംഗങ്ങളാണ്. ഇവർക്ക് ആവശ്യമായ നൈപുണ്യപരിശീലനങ്ങൾ മിഷന്റെ ഡി.ഡബ്ല്യൂ.എം.എസ് (DWMS) പ്ലാറ്റ്ഫോം വഴി ലഭ്യമാക്കുന്നുണ്ട്. കൂടാതെ കരിയർ കൗൺസിലിംഗ്, ഭാഷാപരിശീലനം, ഇന്റർവ്യൂ പരിശീലനം തുടങ്ങിയ സേവനങ്ങൾ നൽകി, സ്ത്രീകളെ തൊഴിൽ സജ്ജരാക്കി, തൊഴിൽമേഖലയിലെ സ്ത്രീ പങ്കാളിത്തം വർധിപ്പിക്കുക എന്നതാണ് ലക്ഷ്യം. ഇതിനോടൊപ്പം പലവിധ കാരണങ്ങളാൽ തൊഴിലിൽ നിന്ന് മാറിനിൽക്കേണ്ടി വന്ന സ്ത്രീകളെ കൂടി തിരികെ തൊഴിലിലേക്ക് എത്തിക്കുന്നതിന് 'ബാക്ക് ടു വർക്ക്' പദ്ധതിയും നോളെജ് മിഷൻ നടപ്പിലാക്കി വരുന്നുണ്ട്. |
| (ഡി) | യോഗ്യതകളും ശേഷിയും അടിസ്ഥാനമാക്കി തൊഴിലവസരങ്ങൾ സൃഷ്ടിച്ച് പ്രാദേശിക സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്താൻ പ്രസ്തുത പദ്ധതി എത്രത്തോളം സഹായകമാകുമെന്ന് വിശദമാക്കാമോ? | (ഡി) | ഈ പദ്ധതിയിലൂടെ കൂടുതൽ തൊഴിലന്വേഷകരെ വിജ്ഞാന സമ്പദ് വ്യവസ്ഥയ്ക്ക് അനുയോജ്യമായ തൊഴിലിലേയ്ക്ക് എത്തിക്കാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. ഇത് പ്രധാനമായും അവരുടെ യോഗ്യതയും ശേഷിയും അടിസ്ഥാനപ്പെടുത്തിയാണ് നടത്തുന്നത്. ഇതിലൂടെ പുതിയ തൊഴിൽമേഖലകളിലേയ്ക്ക് കൂടുതൽ തൊഴിലന്വേഷകരെ എത്തിക്കാൻ കഴിയും. ഇതോടൊപ്പം, പലവിധ കാരണങ്ങളാൽ തൊഴിലിൽ നിന്ന് മാറിനിൽക്കേണ്ടി വന്ന സ്ത്രീകളെ കൂടി തിരികെ തൊഴിലിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ശക്തിപ്പെടുത്തി, വർക്ക് നിയർ ഹോം/വർക്ക് ഫ്രം ഹോം തൊഴിലുകൾ കൂടുതലായി ലഭ്യമാവുന്ന സാഹചര്യം സൃഷ്ടിക്കുന്നതും, പ്രാദേശികസമ്പദ് വ്യവസ്ഥക്ക് ശക്തി പകരും. |

സെക്ഷൻ ഓഫീസർ